ഭരണ ഭാഷ മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

നമ്പർ: എ5/26015/18

ട്രെയിനിംഗ് ഡയറക്ടറേറ്റ്

തൊഴിൽ ഭവൻ, തിരുവനന്തപുരം-33

തീയതി: 19.09.2018

**<u>അറിയിപ്പ്</u>**

15.09.2018 തീയതിയിലെ എ 5 / 26015 / 18 നമ്പറായി ഈ സ്ഥാപനത്തിൽ നിന്നുമുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 24.09.2018-ൽ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ട്രെയിനികളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിനും അന്നേദിവസം തന്നെ ആകെ ലഭിക്കുന്ന തുക ഓരോ സ്ഥാപനവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന അടയ്ക്കുന്നതിനും, 25.09.2018-ൽ പ്രത്യേകദൂതൻ മുഖാന്തിരം രാവിലെ 10 മണിക്ക് തന്നെ ജില്ലാ നോഡൽ ഐ.ടി.ഐ.കളിൽ പ്രസ്തുത ഡി.ഡി നൽകി കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നതിനും നമ്പർ എ5/26015/18 തീയതി 18.09.2018 പ്രകാരം അറിയിപ്പ് നൽകിയിരുന്നു.

ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവന അടയ്ക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിർദ്ദേശപ്രകാരം പ്രസ്തുത തുക ഒടുക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശം നൽകുന്നു.

1. 24.09.2018-ൽ ട്രെയിനികളിൽ നിന്നും സംഭാവന സ്വീകരിക്കുന്ന തുക പ്രിൻസിപ്പാൾമാർ അന്നുതന്നെ ബന്ധപ്പെട്ട ജില്ല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരെ പണമായി തന്നെ ഏൽപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്.
2. ബന്ധപ്പെട്ട ജില്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പ്രസ്തുത തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ട്രഷറി ബ്രാഞ്ച് മുഖാന്തിരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ട് ഒടുക്കി രസീത് നമ്പരും തീയതിയും 25.09.2018-ൽ 11 മണിയ്ക്കകം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
3. പ്രസ്തുത തുക ഒടുക്കിയ അസ്സൽ രസീത് 26.09.2018-ന് രാവിലെ തന്നെ ബന്ധപ്പെട്ട ജില്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ പ്രത്യേക ദൂതൻ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

Dharmarajan. K.S

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി